കേരള സാഹിത്യ അക്കാദമി
തൃശൂർ
09.02.2018

പത്രക്കുറിപ്പ്

# മനസ്സിനെ വിമലീകരിക്കുക സാഹിത്യത്തിന്റെ ധർമം : വൈശാഖൻ

തൃശൂർ : മനസ്സിനെ വിമലീകരിക്കുകയെന്നത് സാഹിത്യത്തിന്റെ ഒരു പ്രധാനധർമമാണെന്ന് സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ പറഞ്ഞു. ജീവിതത്തെ പ്രസാദാത്മകമായി സമീപിക്കുവാനും നല്ല പുസ്തകങ്ങൾ സഹായിക്കും. കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ജി.കെ.എരമല്ലൂർ എഴുതിയ നോവൽ 'മഷിത്തണ്ട്' യതീഷ് ചന്ദ്ര ഐ.പി.എസ്സിന് നൽകി പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡോ.വി.ശോഭ അധ്യക്ഷയായി. ഡോ.കെ.എ.ജെൻസി, റിട്ടയേഡ് ജില്ലാജഡ്ജി ടി.ബി.ശിവപ്രസാദ്, സനിത തുടങ്ങിയവരും സംസാരിച്ചു.

വി.കെ.മുരളീധരൻ എഴുതിയ 'ഗുരുദേവപഥങ്ങളിലൂടെ' എന്ന പഠനഗ്രന്ഥം വൈശാഖൻ ഡോ. കെ.പിമോഹനന് നൽകി പ്രകാശനം ചെയ്തു. ദേവി കൊടുങ്ങല്ലൂർ രചിച്ച 'നീലാംബരി' എന്ന കവിതാ സമാഹാരം വൈശാഖൻ പി.ബാലചന്ദ്രന് നൽകി പ്രകാശനം നിർവഹിച്ചു. സി.ആർ.ദാസ്, റഷീദ് പാറക്കൽ, പ്രശാന്തി ചൊവ്വര, സുഭാഷ് മൂന്നുമുറി തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് തൃശൂർ രംഗചേതന അവതരിപ്പിച്ച അശ്വമേധം, ജാരൻ എന്നീ നാടകങ്ങൾ അരങ്ങേറി.

ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് രാവിലെ നടന്ന പൊതുജനപ്രശ്നോത്തരി മത്സരത്തിൽ കെ.അബ്ദുൾ റഷീദ്, നരിക്കുനി, കോഴിക്കോട് ഒന്നാംസ്ഥാനവും ജയകുമാർ എസ്.എസ്., ചേലൂർ, ഇരിങ്ങാലക്കുട രണ്ടാംസ്ഥാനവും രാമചന്ദ്രൻ എരവിമംഗലം, തൃശൂർ മൂന്നാംസ്ഥാനവും നേടി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

## ഇന്നത്തെ പരിപാടി (10.02.2018)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവവേദിയിൽ ഇന്ന് 10.30ന് പുസ്തക പ്രകാശനം, 3ന് ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം, ഉദ്ഘാടനം-ആരോഗ്യമന്ത്രി കെ.കെ.ശൈലജ ടീച്ചർ, 5ന് സമാപനസമ്മേളനം. ഉദ്ഘാടനം-സി.എൻ.ജയദേവൻ എം.പി., മുഖ്യാതിഥി-പ്രഭാവർമ. 6.30ന് എം.വി.ജോസും സംഘവും അവതരിപ്പിക്കുന്ന മധുരം സംഗീതം.